I ഇ.ബി. XIV - കേരള നിയമസഭ /IX-7

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 01, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I ഗവർണ്ണറുടെ സന്ദേശം

2018 ജനുവരി 31-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## II അടിയന്തരപ്രമേയം

കൊലപാതകങ്ങൾ

മി. സ്പീക്കർ: കാസർഗോഡ് ജില്ലയിൽ പനയാൽ കാട്ടിയടുക്ക, പുലിയന്നൂർ സ്കൂളിന് സമീപം, ആയമ്പാറ എന്നീ സ്ഥലങ്ങളിലുണ്ടായ കൊലപാതകങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തുടനീളം കൊലപാതകങ്ങളും ഭവനഭേദന ശ്രമങ്ങളും കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോകുന്നതും വർദ്ധിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, വി.പി. സജീന്ദ്രൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ ദേവകിയുടെ കൊലപാതകത്തിന്റെ കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും ആയമ്പാറ സ്വദേശി സുബൈദ, പുലിയന്നൂരിലെ റിട്ട. അധ്യാപിക ജാനകി എന്നിവർ കൊല്ലപ്പെട്ട കേസ്സുകളിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് ശാസ്ത്രീയമായ

അന്വേഷണം നടത്തിവരികയുമാണ്. സുബൈദ കൊലക്കേസ്സിൽ പോലീസ് നിരീക്ഷണത്തിലുള്ള പ്രതികളെ ഉടൻതന്നെ അറസ്റ്റ് ചെയ്യുന്നതാണ്. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ സംസ്ഥാനത്തെ പൊതു അവസ്ഥയായി ചിത്രീകരിക്കാനുള്ള ശ്രമം വസ്തുതകൾക്ക് നിരക്കുന്നതല്ല. ശരിയായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമനടപടികൾക്ക് വിധേയമാക്കാനും കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. കഴിഞ്ഞ വർഷം കൊലപാതകക്കേസ്സുകളിലുണ്ടായ കുറവ് സംസ്ഥാനത്തെ ക്രമസമാധാന ഭദ്രതയെയാണ് സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് ക്വട്ടേഷൻ-അക്രമി സംഘങ്ങളെ നിയന്ത്രിക്കുന്നതിനും കാസർഗോഡ് ജില്ലയിൽ വർഗ്ഗീയ സംഘർഷങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും പോലീസിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : കാസർഗോഡ് ജില്ലയിലെ കൊലപാതകങ്ങൾ ലാഘവബുദ്ധിയോടെയാണ് സർക്കാർ കാണുന്നത്. സാമൂഹ്യവിരുദ്ധരുടെയും കൊലയാളികളുടെയും താവളമായി സംസ്ഥാനം മാറിയിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും മതിയായ സുരക്ഷയൊരുക്കാൻ സർക്കാരിന് കഴിയുന്നില്ല. കുറ്റകൃത്യങ്ങളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരിക്കുകയാണ്. കവർച്ചാസംഘങ്ങൾ പെരുകുകയും വീടുകളിൽ അജ്ഞാതർ സ്റ്റിക്കർ പതിക്കുകയും ചെയ്യുമ്പോൾ അക്രമങ്ങൾ തടയേണ്ട പോലീസ് കാഴ്ചക്കാരാകുന്ന സാഹചര്യമാണ്

സംസ്ഥാനത്തുള്ളത്. കാസർഗോഡ് ജില്ലയിൽ തുടർച്ചയായി വീട്ടമ്മമാർ കൊല്ലപ്പെട്ട കേസ്സുകളിൽ കൊലയാളികളെ പിടിക്കാനോ കേസ്സന്വേഷണം ഫലപ്രദമായി നടത്തുന്നതിനോ പോലീസിന് കഴിയുന്നില്ല. ഇത്തരം സംഭവങ്ങളുണ്ടായിട്ടും സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാണെന്നാണ് അവകാശപ്പെടുന്നത്. സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് നിഷ്ക്രിയരാകുകയാണ്. ഗൗരവമേറിയ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാണ്. ഇവിടെ നടന്നിട്ടുള്ള മിക്ക സംഭവങ്ങളിലും പ്രതികളെ കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. മികവാർന്ന അന്വേഷണ നടപടികളുമായാണ് പോലീസ് മുന്നോട്ടുപോകുന്നത്. കാസർഗോഡ് ഉണ്ടായ സംഭവങ്ങളിലെ പ്രതികളെ കണ്ടെത്താനാവശ്യമായ നടപടികൾ പോലീസ് സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് നടക്കുന്ന എല്ലാ കുറ്റകൃത്യങ്ങളും ഗൗരവമായി അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രശ്നങ്ങൾ നീതിയുക്തമായി പരിഹരിക്കുന്നതിനാണ് പോലീസ് ശ്രമിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, വി. കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**III ശ്രദ്ധക്ഷണിക്കൽ**

(1) വില വർദ്ധനവ്

ശ്രീ. ജെയിംസ് മാത്യു: കേന്ദ്ര സർക്കാർ പാചക വാതകത്തിന്റെയും പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വില നിയന്ത്രണം നീക്കിയതിനെത്തുടർന്ന് അവശ്യസാധനങ്ങളുടെ വിലയിലുണ്ടായ ക്രമാതീതമായ വർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സമീപനം നേരിടാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വില ഗണ്യമായി കുറഞ്ഞെങ്കിലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില പ്രതിദിനം വർദ്ധിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരമൊരു സ്ഥിതിവിശേഷം നിലനിൽക്കുന്ന

സാഹചര്യത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇറക്കുമതി, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള അധികാരം ഭരണഘടനാനുസൃതമായി ഉറപ്പു വരുത്താനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര സർക്കാർ 2010-ൽ പെട്രോളിന്റെയും 2014-ൽ ഡീസലിന്റെയും വില നിയന്ത്രണാധികാരം എണ്ണ കമ്പനികളിൽ നിക്ഷിപ്തമാക്കി. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിലിന്റെ വില താഴുമ്പോൾ അതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകുമെന്നുമുള്ള വാദം ഉന്നയിച്ചെങ്കിലും അത് ലഭ്യമാക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. അന്താരാഷ്ട്ര വിപണിയിൽ വില ഉയരുന്ന സാഹചര്യത്തിൽ എണ്ണ കമ്പനികൾ അനുദിനം പെട്രോളിയം ഉൽപ്പന്നങ്ങളുടെയും പാചകവാതകത്തിന്റെയും വില വർദ്ധിപ്പിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ തയ്യാറാകാത്ത കേന്ദ്ര സർക്കാർ നടപടി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണ് ഏറ്റവുമധികം ബാധിക്കുന്നത്. ഡീസൽ വില വർദ്ധനവുമൂലം നിത്യോപയോഗ സാധനങ്ങൾ, പാചക വാതകം, ഹോട്ടൽ ഭക്ഷണം എന്നിവയ്ക്ക് വില വർദ്ധിക്കാൻ ഇടയാക്കുന്നു. കൺസ്യൂമർ ഫെഡ്, സപ്ലൈകോ,

ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾവഴി വിപണിയിലിടപെടൽ നടത്തിയതിന്റെ ഭാഗമായി ഒരു പരിധി വരെ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സപ്ലൈകോയ്ക്ക് നൽകിയ കൂടുതൽ തുക ഉപയോഗിച്ച് അവശ്യ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ അരിക്കട സംവിധാനവും ഉത്സവ കാലയളവിൽ മെട്രോ ഫെയറും മാർക്കറ്റുകളും സംഘടിപ്പിച്ച് വിലക്കയറ്റം നേരിടുന്നുണ്ട്. ഇത്തരമൊരു പ്രത്യേക സാഹചര്യത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള ഇറക്കുമതിയും വിപണനവും നടത്തണമെന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(2) <u>നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്</u>

<u>ശ്രീ. വി.ഡി. സതീശൻ</u>: നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം കെട്ടിട നിർമ്മാണ മേഖലയെ സ്തംഭനാവസ്ഥയിലേയ്ക്ക് നയിച്ചിരിക്കുകയാണ്. വൻകിട കെട്ടിട നിർമ്മാണ മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികൾക്ക് നൽകുന്ന തുക അടിസ്ഥാന ആവശ്യംപോലും നിറവേറ്റാൻ

സാധിക്കുന്നില്ല. നിർമ്മാണ മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു വരികയാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകുന്ന സാഹചര്യത്തിൽ നിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധിക്കുന്നത് സംസ്ഥാനത്തേയും സർക്കാരിന്റെ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളെയും പ്രതികൂലമായി ബാധിക്കും. നിർമ്മാണ മേഖലയിലെ അനധികൃതമായ വിലക്കയറ്റം നിയന്ത്രിക്കാനും സിമന്റിന് കൂടുതൽ വില സംസ്ഥാനത്തുനിന്നും ഈടാക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും ക്വാറി ഉൽപ്പന്നങ്ങളുടെ കൃത്രിമമായ വില വർദ്ധനവിനെതിരെയും ശക്തമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സുപ്രീംകോടതി ഉത്തരവുപ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും കരിങ്കല്ലിനും കരിങ്കൽ ഉല്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും മെറ്റലിനും എം.സാന്റിനും അനിയന്ത്രിതമായി വില വർദ്ധിക്കുകയും ചെയ്തു. കേരളത്തിൽ 600-ഓളം കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി എന്നിവിടങ്ങളിൽ നിന്നാണ്

പാരിസ്ഥിതികാനുമതി ലഭിക്കേണ്ടത്. കൂടാതെ മൈനിംഗ് പ്ലാൻ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പാരിസ്ഥിതികാനുമതിക്കായി ലഭിച്ച അപേക്ഷകളിന്മേൽ 20 ദിവസത്തിനകം നിയമവിധേയമായി അനുമതി കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കളക്ടർമാരുടെ നേതൃത്വത്തിൽ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി വൻകിടക്കാർ ഉൾപ്പെടെയുള്ള ക്രഷർ ഉടമകളുടെ ജില്ലാതല യോഗം വിളിച്ചുചേർക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ് വില വർദ്ധനവിന്റെ കാര്യം കമ്പനി പ്രതിനിധികളുമായി സംസാരിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രത്യേക പാക്കേജിന്റെ ഭാഗമായി സിമന്റ് നൽകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ഡാമുകളിൽ നിന്നും മണൽ സംഭരിക്കുന്നതിനും ഗുണനിലവാരമുള്ള മണൽ വിദേശത്തുനിന്ന് കൊണ്ടുവരുന്നതിന് അനുമതി നൽകാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ കരഭൂമിയിൽനിന്നും ഓട് നിർമ്മാണത്തിന് ആവശ്യമായ മണ്ണ് എടുക്കുന്നതുമായി ബന്ധപ്പെട്ട പഠനം പൂർത്തിയാക്കിയ സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിലും പ്രസ്തുത പഠനം നടത്തി നിയമ വിധേയമായി ടി വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കളിമൺ ഖനനത്തിന് അപ്രൈസൽ കമ്മിറ്റിയുടെ

പരിശോധനയ്ക്കുശേഷം കളക്ടറുടെ നിരാക്ഷേപപത്രം വേണമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നിർമ്മാണ വസ്തുക്കളുടെ ലഭ്യത നിയമപരമായി ഉറപ്പാക്കാനും വിലവർദ്ധനവ് നിയന്ത്രിക്കാനും സത്വര നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) അടിസ്ഥാന സൗകര്യം

ശ്രീ. എസ്. ശർമ്മ: ഗോശ്രീ ദ്വീപസമൂഹങ്ങളുടെ വികസനവും പുരോഗതിയും ലക്ഷ്യമാക്കി ആരംഭിച്ച ഗവൺമെന്റ് ഏജൻസിയായ ജിഡയുടെ വികസന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥ തലത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ അടിയന്തരമായി കൗൺസിൽ വിളിച്ചുചേർക്കാനും ചാത്തനാട്-പിഴല- കടമക്കുടി, കടമക്കുടി-പിഴല, പിഴല-മൂലമ്പിള്ളി പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ജനറൽ കൗൺസിൽ പുന:സംഘടിപ്പിക്കൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കടമക്കുടി ദ്വീപിനെ എറണാകുളം മെയിൻ ലാന്റുമായി ബന്ധിപ്പിക്കുന്നതിന് വിഭാവന ചെയ്തിരിക്കുന്ന മൂലമ്പിള്ളി-ചാത്തനാട് റോഡ് പ്രോജക്ട് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ

ജിഡയുടെ 28-ാമത് ജനറൽ കൗൺസിൽ യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായ മൂലമ്പിള്ളി-പിഴല പാലത്തിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. പിഴല ദ്വീപുമായി ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ ഭരണാനുമതി സംബന്ധിച്ച കാര്യം പരിശോധിച്ചു വരികയാണ്. ടി പദ്ധതിയുടെ രണ്ടാംഘട്ടമായ കടമക്കുടി-ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ജനറൽ കൗൺസിൽ രൂപീകരണത്തിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) മോഷണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് മെഡിക്കൽ കോളേജിന്റെ പ്രവൃത്തി ദ്രുതഗതിയിലാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം വിളിച്ചുചേർക്കുന്നതിനും മെഡിക്കൽ കോളേജ് റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അനധികൃതമായി കല്ലും മണ്ണും നീക്കം ചെയ്തത് സംബന്ധിച്ചും പ്രസ്തുത ഭൂമിയിലെ കാപ്പി, കമുക് തുടങ്ങിയവ മോഷണം പോയത് സംബന്ധിച്ചും അന്വേഷണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):വയനാട് മെഡിക്കൽ കോളേജ്

റോഡിന്റെ നിർമ്മാണത്തിനും ആശുപത്രി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ നിർമ്മിതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഏറ്റെടുക്കുന്ന മുഴുവൻ ഭൂമിയും പൊതുമരാമത്ത് വകുപ്പിന് കൈമാറാനും നിർമ്മാണത്തിന്റെ എസ്.പി.വി. ആയി 'ഇൻകെൽ'- നെ ചുമതലപ്പെടുത്താനും ഉത്തരവായിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലത്തെ കാപ്പി, കമുക് തുടങ്ങിയവയിൽ നിന്നുള്ള ആദായം മോഷണം പോയത് സംബന്ധിച്ച ജില്ലാ കളക്ടറുടെ പരാതിയിന്മേൽ കമ്പളക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(3) <u>കോടതി സമുച്ചയം</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനും എം.എ.സി.റ്റി.(Motor Accident Claim Tribunal) സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി തഴവ ഗ്രാമപഞ്ചായത്തിൽ തദ്ദേശഭരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. എം.എ.സി.റ്റി. സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പിന്നീട്

പരിഗണിക്കുന്നതാണ്. സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനമാരംഭിച്ച സാഹചര്യത്തിൽ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നിലവിലെ മുൻഗണനാപട്ടിക പുന:പരിശോധിക്കുന്നതിന് ചീഫ് ജസ്റ്റീസിന്റെയും ഹൈക്കോടതി രജിസ്ട്രാറുടെയും അഭിപ്രായം ലഭ്യമാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (4) കുടിവെള്ളം

ശ്രീ. എ. എം. ആരിഫ്: റേഷൻ കാർഡ് വിതരണം പൂർത്തിയാകുന്നതുവരെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹികാവശ്യത്തിനുള്ള കുടിവെള്ളം സൗജന്യമായി നൽകുന്നതിനും അപേക്ഷ പുതുക്കുന്നതിനുള്ള തീയതി നീട്ടി നൽകുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 15 കിലോ ലിറ്റർ കുടിവെള്ളം സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രസ്തുത കണക്ഷൻ പുതുക്കുന്നതിനുള്ള തീയതി ഫെബ്രുവരി 28-വരെ നീട്ടിയിട്ടുണ്ട്. തുടർന്നും ആവശ്യമെങ്കിൽ തീയതി നീട്ടിനൽകുന്നതും ആനുകൂല്യം ലഭ്യമാകുന്നുവെന്ന്

ഉറപ്പുവരുത്തുന്നതുമാണ്.

## (5) കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കൽ

ശ്രീ. അനൂപ് ജേക്കബ്: പിറവം നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും കുടിവെള്ള ടാങ്കുകൾ ശുദ്ധീകരിക്കുന്നതിനും എ.ഇ. മാരുടെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കളപ്പാറ വാട്ടർ ടാങ്കിൽനിന്നുള്ള കാലഹരണപ്പെട്ട കുടിവെള്ള വിതരണ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി 56 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. കക്കാട് ജലശുദ്ധീകരണ ശാലയിൽനിന്ന് പാഴൂർ സംപിലേയ്ക്കും പിറവം ഹോസ്പിറ്റൽ ജംഗ്ഷനിലേയ്ക്കുമുള്ള എ.സി. പൈപ്പ് ലൈൻ മാറ്റി DI K9 പൈപ്പ് സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ പരിഗണനയിലുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. രാമമംഗലം കുടിവെള്ള പദ്ധതിയുടെ മെതിപാറ ഫിൽറ്റർ ബെഡ് ശുദ്ധിയാക്കുന്നതിനും എ.ഇ. മാരുടെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (6) ചേരാമംഗലം ജലസേചന പദ്ധതി

ശ്രീ. കെ. ഡി. പ്രസേനൻ: ചേരാമംഗലം ജലസേചനപദ്ധതി

പ്രവർത്തനക്ഷമമാക്കാനും അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് അംഗീകാരം നൽകാനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറ'യിൽ ഉൾപ്പെടുത്തി ചേരാമംഗലം ജലസേചന പദ്ധതിയുടെ പ്രധാന കനാലുകളുടെയും ശാഖാ കനാലുകളുടെയും ഷട്ടറുകളും സ്ലൂയിസ്സുകളും പുതുക്കിപ്പണിയുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. പുഴയിലേയ്ക്ക് തുറക്കുന്ന ഷട്ടറുകളും മെയിൻ കനാലിനോട് ബന്ധപ്പെട്ട് വരുന്ന കേടായിക്കിടക്കുന്ന സ്ലൂയിസ്സുകളുടെ ഷട്ടറുകളും നന്നാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ മെക്കാനിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചേരാമംഗലം ആയക്കെട്ടിലേയ്ക്ക് നൽകുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് പല്ലാവൂർ കനാലിൽ V-Notch സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴ പദ്ധതിയുടെ ആർ.ബി.സി.-യിൽ നിന്നും ടേൺഷെഡ്യൂൾ അടിസ്ഥാനത്തിൽ 18 മില്യൺ ക്യൂബിക് മീറ്റർ ജലം ലഭ്യമാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതാണ്.

## (7) പുലിമുട്ട് നിർമ്മാണം

ശ്രീ. കെ. ദാസൻ: കൊളാവി പാലം അഴിമുഖത്തെ മണൽത്തിട്ട നീക്കം ചെയ്യുന്നതിനും പുലിമുട്ട് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്): കൊളാവി പാലം അഴിമുഖത്തിന് വടക്കുവശത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ച പുലിമുട്ട് നിലവിലുണ്ടെങ്കിലും തെക്ക് ഭാഗത്ത് ഇതിന് സമാന്തരമായി പുലിമുട്ടില്ലാത്തതിനാൽ അഴിമുഖത്ത് മണൽ അടിഞ്ഞുകൂടി ഒഴുക്ക് ഭാഗികമായി തടസ്സപ്പെട്ടിരിക്കുകയാണ്. മണൽത്തിട്ട രൂപപ്പെട്ടതുകാരണം കോട്ടപ്പുഴയിലെയും ഒഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. മണൽത്തിട്ടകൾ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്ന പ്രവൃത്തി ഉടൻ നടപ്പിലാക്കുന്നതാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമായി അഴിമുഖത്തിന്റെ തെക്കുവശത്ത് പുതിയ പുലിമുട്ട് നിർമ്മിക്കുന്നതിനും വടക്കുവശത്ത് നിലവിലുള്ള പുലിമുട്ടിന്റെ നീളം കൂട്ടുന്നതിന് ശാസ്ത്രീയപഠനം നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനും സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (8) റോഡ് നവീകരണം

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട്-പാലക്കാട് റോഡ് നവീകരിക്കുന്നതിനും റോഡിന്റെ ഇരുവശത്തുമുള്ള മരങ്ങളും കുടിവെള്ള പൈപ്പുകളും ഇലക്ട്രിക് പോസ്റ്റുകളും നീക്കം ചെയ്യുന്നതിനും മണ്ണാർക്കാട് ടൗണിൽ ഡ്രെയിനേജും

ഫുട്പാത്തും നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മണ്ണാർക്കാട്-പാലക്കാട് റോഡ് നവീകരണവുമായി ബന്ധപ്പെട്ട് മരങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള അധികാരം വനം വകുപ്പിനാണ്. കെ.എസ്.ഇ.ബി.-യും വാട്ടർ അതോറിറ്റിയും നടത്തുന്ന പണികൾക്കായി പത്തൊൻപതരക്കോടി രൂപ അടച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി.യുടെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടാകുകയില്ല. കേന്ദ്ര ഗവൺമെന്റിൽനിന്ന് അടിയന്തരമായി അനുവാദം ലഭ്യമാക്കുന്നതിനും സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) സേവന- വേതന വ്യവസ്ഥകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർക്കാർ എയ്ഡഡ്, പ്രീ-പ്രൈമറി സ്കൂളുകളിലെ ടീച്ചർമാരുടെയും ആയമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 1998-ലെ ഉത്തരവുപ്രകാരമാണ് സർക്കാർ സ്കൂളുകളിൽ പി.ടി.എ.-യ്ക്ക് പ്രീ -പ്രൈമറി ആരംഭിക്കുവാൻ അനുമതി നൽകിയത്. നിലവിൽ 2159 സർക്കാർ സ്കൂളുകളിലെ 2851 അദ്ധ്യാപകർക്കും 1965 ആയമാർക്കും യഥാക്രമം 9500, 6000 രൂപ വീതം

ഓണറേറിയം നൽകി വരുന്നുണ്ട്. നിയമപ്രകാരമുള്ള നിയമനമല്ലാത്തതിനാൽ നിലവിലുള്ള വ്യവസ്ഥപ്രകാരം ഇവർക്ക് ശമ്പള സ്കെയിൽ അനുവദിക്കാൻ നിർവ്വാഹമില്ല. 7.12.2012 മുതൽ സംസ്ഥാനത്ത് പുതിയ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രീ-പ്രൈമറി സ്കൂളുകളിലെ വിവിധ വിഷയങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് എസ്.സി.ഇ.ആർ.ടി.-യുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(10) അപ്പർ കുട്ടനാട് മേഖലകളിലെ ക്യാൻസർ രോഗം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അപ്പർ കുട്ടനാട് മേഖലകളിലെ ക്യാൻസർ രോഗികളുടെ എണ്ണം കൂടുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും ചികിത്സയ്ക്ക് പ്രത്യേക സംവിധാനം ഒരുക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ): കുട്ടനാട് പ്രദേശത്ത് കീടനാശിനികളുടെയും കൃത്രിമ വളങ്ങളുടെയും അമിതമായ ഉപയോഗംമൂലം ആരോഗ്യപ്രശ്നങ്ങളും ക്യാൻസർ രോഗവും വ്യാപകമാകുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് അടിയന്തരമായി ഇടപെടുകയും രോഗനിർണ്ണയ-ചികിത്സാ ക്യാമ്പുകളും കൃത്യമായ കണക്കെടുപ്പും നടത്തിയിട്ടുണ്ട്. ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന

വാർത്തയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ, പത്തനംതിട്ട ഉൾപ്പെടെയുള്ള ജില്ലകളിലെ രോഗബാധയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും വിദഗ്ധ പഠനം നടത്തുന്നതിനുമായി റീജിയണൽ ക്യാൻസർ സെന്റർ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി നാഷണൽ സെന്റർ ഫോർ ഡിസീസ് ഇൻഫർമാറ്റിക്സ് ആന്റ് റിസർച്ചിന് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും എല്ലാ മെഡിക്കൽ കോളേജുകളിലെയും ക്യാൻസർ വിഭാഗം ശക്തിപ്പെടുത്താനും കൊച്ചിയിൽ റീജിയണൽ ക്യാൻസർ സെന്റർ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓങ്കോളജി വിഭാഗത്തിൽ 105 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ ക്യാൻസർ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വിപുലമാക്കാനും ക്യാൻസർ രജിസ്റ്റർ തയ്യാറാക്കാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ആർ.സി.സി.യുടെ നേതൃത്വത്തിൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിലും രജിസ്റ്ററുകൾ തയ്യാറായിട്ടുണ്ട്. എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുന്നതും ക്യാൻസർ പ്രതിരോധത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

## V മേശപ്പുറത്ത് വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ പ്രത്യേക ലിസ്റ്റ് പ്രകാരമുള്ള കടലാസ്സുകളും 2017-ലെ സാമ്പത്തിക അവലോകനവും മേശപ്പുറത്തു വച്ചു.

## VI റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VII അറിയിപ്പ്

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം - സാധൂകരിക്കൽ

മി. സ്പീക്കർ: 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ 2017 ആഗസ്റ്റ് 10-ാം തീയതി സഭ പരിഗണിക്കുകയും അന്നേദിവസംതന്നെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ചട്ടപ്രകാരം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച ഒരു ബിൽ സംബന്ധിച്ച റിപ്പോർട്ട്, ബിൽ റഫർ ചെയ്ത തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കേണ്ടതുണ്ടെങ്കിലും ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സമയപരിധി പാലിക്കുവാൻ കഴിയാതെ

വരുന്നപക്ഷം സമയം ദീർഘിപ്പിച്ചു ലഭിക്കുന്നതിനായി, റിപ്പോർട്ട് സമർപ്പണത്തിനു മുമ്പ് ഒരു പ്രമേയത്തിലൂടെ സഭയുടെ അനുമതി തേടാവുന്നതുമാണ്. എന്നാൽ, 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് 24-01-2018-ന് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പായി സമയദൈർഘ്യത്തിനുള്ള പ്രമേയം അവതരിപ്പിക്കുകയോ അനുമതി തേടുകയോ ചെയ്തിട്ടില്ലെന്നുള്ളത് സഭാചട്ടങ്ങൾക്ക് വിരുദ്ധമായ നടപടിയാണെന്നുമാത്രമല്ല, ഇക്കാര്യം യഥാസമയം ബില്ലിന്റെ ചുമതലയുള്ള മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നിയമസഭാ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട സെക്ഷൻ വീഴ്ച വരുത്തുകയും ചെയ്തിരിക്കുന്നു. നിയമസഭാ നടപടിക്രമങ്ങൾ പരമാവധി കൃത്യതയോടും സമയബന്ധിതമായും ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിധേയമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചെയർ പ്രതിജ്ഞാബദ്ധമായതിനാൽ 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലാവധി കഴിഞ്ഞ് 2017 ജനുവരി 24-ന് സഭയിൽ സമർപ്പിക്കുന്ന വേളയിൽ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടി സാധൂകരിക്കുന്നതിനുള്ള അനുമതി സഭ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം സഭാനടത്തിപ്പിൽ ഇത്തരം ന്യൂനതകൾ മേലിൽ

ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

(നടപടി സഭ സാധൂകരിച്ചു.)

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരള ജനതയുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമായതും ചരിത്ര പ്രാധാന്യമർഹിക്കുന്നതുമായ ഒരു ബില്ലാണിത്. ശിശു-മാതൃമരണ നിരക്കുകൾ കുറയ്ക്കുന്നതിനും പ്രതീക്ഷിത ആയുസ്സ് വർദ്ധിപ്പിക്കുന്നതിനുമായി 1957 മുതൽ അധികാരത്തിൽ വന്ന ജനകീയ

സർക്കാരുകൾ ഫലപ്രദമായ ഇടപെടലുകളും നിയമനിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. പകർച്ചവ്യാധികളുടെ വ്യാപനവും മരണവുംമൂലം ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികൾ കേരള ജനതയെ ആശങ്കപ്പെടുത്തുന്നതാണ്. പകർച്ച വ്യാധികളും ജീവിതശൈലി രോഗങ്ങളും നിയന്ത്രിക്കാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്താനും അനഭിലഷണീയമായ പ്രവണതകളും ചൂഷണങ്ങളും ഇല്ലാതാക്കാനും അശാസ്ത്രീയവും മെഡിക്കൽ എഥിക്സിന് വിരുദ്ധവുമായ ചികിത്സാരീതികൾ വച്ചുപുലർത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്താനും ഗവൺമെന്റ് ആശുപത്രികളിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പുവരുത്താനും മരുന്നുകളുടെ ദുരുപയോഗം തടയാനും പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ. കേരളത്തിലെ മുഴുവൻ സ്വകാര്യ ആശുപത്രികളിലും ചികിത്സാ പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ഈ ബില്ലിലൂടെ സാധിക്കും.

ശ്രീ. സി. മമ്മൂട്ടി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിലൂടെ പൊതുജനങ്ങളുടെ താൽപ്പര്യവും പരിരക്ഷയും ഉറപ്പുവരുത്താനും ചികിത്സാ രംഗത്ത് നിലനിൽക്കുന്ന തട്ടിപ്പുകളും പ്രശ്നങ്ങളും പരിഹരിക്കാനും സംവിധാനമുണ്ടാകണം. ആശുപത്രികൾ കേന്ദ്രീകരിച്ച് നടക്കുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കാനും ചികിത്സാരംഗം മെച്ചപ്പെടുത്തുന്നതിലൂടെ പുതിയൊരു ആരോഗ്യ കേരളം

കെട്ടിപ്പടുക്കാനും സാധിക്കണം. സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സയും പരിചരണവും ലബോറട്ടറികളുടെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുണ്ടാകണം. സാധാരണക്കാരുടെ ആശ്രയമായ ചെറിയ ക്ലീനിക്കുകൾ സംരക്ഷിക്കുകയും രോഗനിർണ്ണയത്തിന്റെ പേരിൽ അനാവശ്യ ടെസ്റ്റുകൾ നടത്തി ജനങ്ങളെ കൊള്ളയടിക്കുന്ന വൻകിട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ നിയന്ത്രിക്കുകയും 10 മുതൽ 20 വരെ കിടക്കകളുള്ള ആശുപത്രികളെ പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചും സൗകര്യങ്ങൾ ഏർപ്പെടുത്തിയും നിലനിർത്തുകയും ചെയ്യണം. കൗൺസിൽ രൂപീകരിക്കുമ്പോൾ മെഡിക്കൽ മേഖലയിലെ അംഗീകാരമുള്ള പ്രതിനിധികൾക്ക് അംഗത്വം നൽകുകയും റൂൾ ഫ്രെയിം ചെയ്യുമ്പോൾ ഓരോ ക്ലിനിക്കുകളുടെയും നിലവാരം സംബന്ധിച്ച് വ്യക്തത വരുത്തുകയും വേണം. പഞ്ചായത്ത് തലത്തിൽ യോഗ്യതയുള്ള ആശാ വർക്കർമാരെ നിയമിക്കുകയും ആശുപത്രികളിൽ ചികിത്സാ ചെലവ് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തുകയും വേണം. കർശന പരിശോധന നടത്തി വ്യാജ ഡോക്ടർമാരെ നിയന്ത്രിക്കുന്നതിന് ഡിസ്ട്രിക്ട് അതോറിറ്റിക്ക് അനുവാദം നൽകണം. ജനങ്ങളുടെ ആരോഗ്യത്തിന് സംരക്ഷണം നൽകുന്ന ഒരു ബില്ലായതിനാൽ കൗൺസിലിൽ അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ രാഷ്ട്രീയം നോക്കാതെ യോഗ്യരായവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം. ലബോറട്ടറി

ജീവനക്കാർക്ക് യോഗ്യതാ പരീക്ഷ ഏർപ്പെടുത്തി പാസാകുന്നവർക്ക് മാത്രം തുടർ പരിശോധനയ്ക്കുള്ള അനുമതി നൽകണം.

ശ്രീ. വി. എസ്. ശിവകുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആരോഗ്യ രംഗത്ത് ഗുണനിലവാരം ഉറപ്പാക്കുന്നതിനും ചൂഷണമൊഴിവാക്കുന്നതിനുമാണ് ഈ ബിൽ പ്രയോജനപ്പെടുത്തേണ്ടത്. ആരോഗ്യ രംഗത്ത് പല വികസിത രാജ്യങ്ങളുടെയും മാതൃകയിൽ സംസ്ഥാനത്തിന് വളരാൻ സാധിച്ചിട്ടുണ്ടെങ്കിലും ലബോറട്ടറികളും ആശുപത്രികളും ഗുണനിലവാരമുള്ളതും രോഗീസൗഹൃദവുമാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഗുണനിലവാരമില്ലാത്ത ലബോറട്ടറികളും യോഗ്യതയില്ലാത്ത ടെക്നീഷ്യൻമാരും ഉള്ളതിനാൽ രോഗനിർണ്ണയത്തിലെ പിഴവുമൂലം തുടർചികിത്സയിൽ ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ബിൽ നിയമമാക്കുമ്പോൾ ഈ മേഖലയിൽ യോഗ്യരായ ടെക്നീഷ്യൻമാരെയാണ് നിയമിക്കുന്നതെന്ന് ഉറപ്പുവരുത്തുകയും സർക്കാർ-സ്വകാര്യ ലാബുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തുകയും വേണം. ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കത്തക്ക രീതിയിൽ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആരോഗ്യ മേഖലയിൽ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും വേണം. സാധാരണക്കാർക്ക് സൗജന്യ ചികിത്സ

ലഭ്യമാക്കുന്നതിനായി ആരംഭിച്ച അമ്മയും കുഞ്ഞും പദ്ധതി, ആരോഗ്യ കിരണം പദ്ധതി, അമൃതം ആരോഗ്യം പദ്ധതി, കാരുണ്യ പദ്ധതി, സുകൃതം പദ്ധതി തുടങ്ങിയവ നിലനിർത്തുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കണം. ലാബുകളുടെ സൗകര്യം വർദ്ധിപ്പിച്ച് ചികിത്സയും പരിശോധനയും സൗജന്യമാക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. സർക്കാർ ആശുപത്രികളിലെ താൽക്കാലിക സ്റ്റാഫ് നഴ്സുമാർക്ക് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ നിരക്കിൽ ശമ്പളം നൽകണം. സർക്കാർ ആശുപത്രികളിലെ സേവന നിരക്കുകൾ വർദ്ധിപ്പിക്കാതിരിക്കുന്നതിനും അനധികൃത ചികിത്സാ രീതികൾ നിയന്ത്രിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ വേണം. സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ വിഭാഗം, സിദ്ധ യുനാനി വിഭാഗം, ഫാർമസി കൗൺസിൽ എന്നിവയുടെ പ്രതിനിധികളെയും ഡ്രഗ്സ് കൺട്രോളറെയും സംസ്ഥാന കൗൺസിലിൽ ഉൾപ്പെടുത്തണം. ആശുപത്രികളുടെ രജിസ്ട്രേഷന് ഏകജാലക സംവിധാനം ഏർപ്പെടുത്തുകയും ആദ്യഘട്ട രജിസ്ട്രേഷൻ മൂന്നിൽനിന്നും അഞ്ച് വർഷമാക്കി ഉയർത്തുകയും റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തുകയും വ്യത്യസ്ത തരത്തിൽ ഫീസ് നിശ്ചയിക്കുകയും ചെയ്യണം. അപ്പീൽ അതോറിറ്റിയിൽ ജുഡീഷ്യറിയിൽനിന്നും വിരമിച്ച ഒരാളുൾപ്പെടെ രണ്ട് അംഗങ്ങളെങ്കിലും പുറമേനിന്നുള്ളവരായിരിക്കണം. ചികിത്സാ പിഴവുകൾ നിമിത്തം

ആശുപത്രികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനിടയാക്കുന്ന സാഹചര്യം ഒഴിവാക്കുകയും ഔദ്യോഗികമായി ഡിഗ്രി കരസ്ഥമാക്കാത്ത ഹോമിയോ, ആയുർവേദ ഡോക്ടർമാരെ നിയന്ത്രിക്കുന്നതുസംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുകയും വേണം. മെഡിക്കൽ എക്യുപ്മെന്റ്സ് വാങ്ങുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിന്റെ ഗുണഫലം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഔഷധ നിർമ്മാണത്തെക്കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരികയും സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും വേണം. നിയമപരമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളിൽ നിക്ഷിപ്തമായ അധികാരം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് ശ്രദ്ധിക്കണം. ഐ.പി. വിഭാഗത്തിന്റെ രജിസ്ട്രേഷൻ സ്വകാര്യ ആശുപത്രികൾക്ക് മാത്രമായി പരിമിതപ്പെടുത്തുമ്പോൾ സർക്കാർ ആശുപത്രികളുടെ കാര്യത്തിലുള്ള സമീപനം വ്യക്തമാക്കണം. ഡോക്ടർമാരുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള ആശങ്കകൾ

പരിഹരിക്കുകയും വ്യാജഡോക്ടർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം. ചികിത്സാ പിഴവുകൾക്ക് അർഹമായ ശിക്ഷ കൊടുക്കുന്നതിനുള്ള പ്രൊവിഷൻ കൂടി നിയമത്തിൽ ഉൾപ്പെടുത്തണം. നിയമം പ്രാബല്യത്തിലാകുമ്പോൾ സ്വകാര്യ ലബോറട്ടറികളിൽ ദീർഘകാല പരിചയമുള്ള മതിയായ യോഗ്യതകളില്ലാത്തവർക്ക് ജോലി നഷ്ടപ്പെടാത്ത വിധത്തിൽ പ്രത്യേക ടെസ്റ്റ് നടത്തി ഉൾക്കൊള്ളിക്കാനുള്ള ശ്രമമുണ്ടാകണം. നിയമപരമായ കാര്യങ്ങൾകൂടി പരിശോധിച്ച് ചെറിയ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പിന്തുടർച്ചക്കാർക്ക് കൈമാറുന്ന കാര്യം പരിഗണിക്കണം. എക്സ്റേ ഫിലിം തട്ടിപ്പ് സംബന്ധിച്ച ആക്ഷേപം അടിയന്തരമായി അന്വേഷിക്കണം. ചികിത്സാ നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം അപ്രായോഗികമായതിനാൽ പുനഃപരിശോധിക്കുന്നതിനും ഫൈൻ നിരക്കുകൾ കുറയ്ക്കുന്നതിനും തയ്യാറാകണം. നിയമപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ ചെറുകിട ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. ക്യാൻസർ രോഗത്തിന്റെ വ്യാപ്തി വർദ്ധിക്കുന്ന സാഹചര്യത്തിൽ അതിന്റെ കാരണങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനും ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭ്യമാക്കുന്നതിനും മരുന്നുകളുടെ വിലനിലവാരം നിജപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എ. പ്രദീപ് കുമാറിനുവേണ്ടി <u>ശ്രീ. റ്റി. വി. രാജേഷ്</u>: സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആശുപത്രികൾ, ലബോറട്ടറികൾ തുടങ്ങിയ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് ഈ നിയമം ലക്ഷ്യമിടുന്നത്. ക്ലിനിക്കൽ സ്ഥാപനങ്ങളും സ്വകാര്യ ആശുപത്രികളും ചികിത്സാ നിരക്കുകൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം ആരോഗ്യമേഖലയിലെ തെറ്റായ പ്രവണതകൾക്ക് അന്ത്യം കുറിക്കാൻ സഹായകമാകും. ചികിത്സാ നിരക്ക് നിശ്ചയിക്കുന്നതിന് കൃത്യമായ മാനദണ്ഡം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തണം. കൺസൾട്ടേഷൻ സേവനങ്ങളുടെ കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തണം. സംസ്ഥാന കൗൺസിലിൽ പാരാ-മെഡിക്കൽ കൗൺസിൽ പ്രതിനിധി, റേഡിയേഷൻ സുരക്ഷാ ഡയറക്ടർ, ഫിസിയോ തെറാപ്പിസ്റ്റ് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തണം. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി ആറ് മാസമായി പരിമിതപ്പെടുത്തണം. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റിയിൽ ടെക്നിക്കലി കോംപീറ്റന്റായ ഒരാളെക്കൂടി ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

<u>ടീച്ചർ</u>): വളരെ ക്രിയാത്മകമായ ചർച്ചയാണ് ഈ ബില്ലിന്റെ ഭാഗമായി നടന്നത്. കേരളത്തിലെ ഇന്നത്തെ സാഹചര്യം കണക്കിലെടുത്തും കേന്ദ്ര നിയമത്തിലെ എല്ലാ മൂല്യങ്ങളും ഉൾക്കൊണ്ടുമാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലുമായി ബന്ധപ്പെട്ട് ഒരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. ആരോഗ്യ മേഖലയിൽ സാമൂഹിക നിയന്ത്രണം കൊണ്ടുവരികയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ചെറുകിട ആശുപത്രികളിലെ ചികിത്സാ നിലവാരവും ആശുപത്രി ജീവനക്കാർക്ക് നിശ്ചിത യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തുകയുമാണ് ലക്ഷ്യം. ആശങ്കകൾ ദൂരീകരിച്ചുകൊണ്ടും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ടും റൂൾ ഫ്രെയിം ചെയ്യുന്നതാണ്. ചെറുകിട സ്ഥാപനങ്ങളെ രജിസ്ട്രേഷനിൽനിന്ന് ഒഴിവാക്കാൻ സാധിക്കുകയില്ല. കൺസൾട്ടേഷൻ മാത്രം നടത്തുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതില്ല. 15-20 കിടക്കകളുള്ള ആശുപത്രികളെ രജിസ്ട്രേഷനിൽനിന്ന് ഒഴിവാക്കണമെന്നത് അംഗീകരിക്കാൻ കഴിയില്ല. താൽക്കാലികമായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ ലഭിക്കുന്നതിന് നിശ്ചിത സമയത്തിനുള്ളിൽ നിർദ്ദിഷ്ട ഗുണനിലവാരം ആർജ്ജിച്ചിരിക്കേണ്ടതാണ്. 'ആർദ്രം' മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രാവർത്തികമാകുന്നതിലൂടെ പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്താനും ആരോഗ്യ മേഖലയിൽ വലിയ രീതിയിൽ മാറ്റമുണ്ടാക്കാനും സാധിക്കും. 170

കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടതിൽ 60 എണ്ണം ആരംഭിക്കുകയും 100 എണ്ണം 2018 ഫെബ്രുവരിയോടുകൂടി ആരംഭിക്കാൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. 'ആർദ്രം' മിഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ഒരുമിച്ച് ശ്രമിക്കേണ്ടതുണ്ട്. 3000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരോഗ്യ മേഖലയിൽ നടക്കുന്നത്. ആരോഗ്യ വകുപ്പിനായി വകയിരുത്തുന്ന തുക വർദ്ധിപ്പിക്കേണ്ടതും ആവശ്യത്തിനുള്ള തസ്തിക സൃഷ്ടിക്കേണ്ടതും അനിവാര്യമാണ്. സ്ഥാപനങ്ങളുടെ ഫീസും ഫൈനുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകൾക്കെതിരെ പരാതി നൽകാനും പരിഹരിക്കാനുമുള്ള അവസരമുണ്ട്. അപ്പലേറ്റ് അതോറിറ്റിയിൽ ജില്ലാ അതോറിറ്റിയിലുള്ള അംഗങ്ങളിൽ ആരെയും ഉൾപ്പെടുത്തിയിട്ടില്ല. ഈ മേഖലയിൽ നിലവിലുള്ള ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ലബോറട്ടറികളിലെ അമിതമായ നിരക്കുകൾക്ക് നിയന്ത്രണം വരുന്നതാണ്. 2018 ജൂൺ മാസത്തോടുകൂടി റൂൾസ് തയ്യാറാക്കി നിയമം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

194, 195, 198, 199, 200, 201, 202, 203, 205, 207, 209, 210, 211, 213, 214, 220, 221, 222, 223, 224, 226, 228, 230, 238, 242, 243, 244, 245, 250, 255, 256, 257, 258, 259, 260, 266, 268, 269, 270, 278, 279, 280, 281, 283, 288, 289, 290, 291, 293, 294, 295, 296, 297, 298, 299, 301, 305, 306, 308, 312, 313, 314, 315, 316, 317, 318, 320, 321, 323, 324, 325, 328, 332, 334, 335, 336, 337, 341, 342, 343, 344, 346, 347, 348, 350, 351 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

